(ബി) 49021 അന്യസംസ്ഥാന തൊഴിലാളികൾ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) കേരളത്തിൽ വിവിധ മേഖലയിൽ പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികളെ കേരള കെട്ടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനായി തൊഴിൽ വകുപ്പ് നേരിട്ടും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് മുഖേനയും പദ്ധതിയുടെ സവിശേഷതകളെ കുറിച്ച് അന്യസംസ്ഥാന തൊഴിലാളികളെ ബോധവൽക്കരിച്ച് ഈ പദ്ധതിയിൽ ചേർക്കാൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ക്ഷേമനിധി ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ അന്യസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥലങ്ങൾ സന്ദർശിച്ച് അന്യസംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി തുടർന്നുവരുന്നു.

തൊഴിലാളികളുടെ സുരക്ഷ

249 (941) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്താൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം ; വ്യക്തമാക്കാമോ ;

(ബി) നിർമ്മാണ മേഖലയിൽ പണിയെടുക്കുന്നവരുടെ സുരക്ഷയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾ കർശനമായി പരിപാലിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ?

ഉത്തരം

(എ) തൊഴിൽ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സുരക്ഷ മാനദണ്ഡങ്ങളും അവ ഉറപ്പുവരുത്തുന്ന രീതികളും ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട്, കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, ഫാക്ടറീസ് ആക്ട് തുടങ്ങിയ നിയമങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. മേൽ പരാമർശിക്കുന്ന നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള സുരക്ഷാ സംവിധാനങ്ങൾ തൊഴിലുടമ ഒരുക്കേണ്ടതാണ്. ഇതിൽ ഫാക്ടറീസ് ആക്ട് അനുസരിച്ചുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തുന്നത് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പാണ്. മറ്റ് തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ,

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ ലേബർ ഓഫീസർമാർ, റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ എന്നിവർ സ്ഥാപനത്തിൽ പരിശോധനകൾ നടത്താറുണ്ട്. തൊഴിൽ വകുപ്പിലെ ജീവനക്കാർ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്പ്രാഡ് പരിശോധനകളും നടത്തിവരുന്നു. ഇതിനുപുറമേ ഫാക്ടറീസ് & ബോയിലേഴ്സ്, ഇ.എസ്.ഐ. തുടങ്ങിയ വകുപ്പുകളെക്കൂടി ഉൾപ്പെടുത്തി സംയുക്ത പരിശോധനകളും നടത്താറുണ്ട്. കൂടാതെ സേഫ്റ്റി ഓഡിറ്റിംഗ് സിസ്റ്റം നടപ്പാക്കുന്നതിനായി കേരള മുനിസിപ്പൽ ബിൽഡിംഗ് ചട്ടങ്ങൾ, കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങൾ എന്നിവയിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് നിയമാനുസൃതമായ സുരക്ഷ ഒരുക്കിയിട്ടില്ലാത്തതായി പരിശോധനയിൽ കണ്ടെത്തുന്നപക്ഷം തൊഴിലുടമയ്ക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം 2014 വർഷത്തിൽ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് അനുസരിച്ച് 475 സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് 53 സ്ഥാപനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ കൊടുത്തിട്ടുള്ളതും 40 പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതുമാണ്.

ഉടുമ്പൻചോല താലൂക്കിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി ഓഫീസ്

250 (942) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ഉടുമ്പൻചോല താലൂക്കിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഉടുമ്പൻചോല ജോയിന്റ് ആർ.ടി. ഓഫീസിനുകീഴിൽ വരുന്ന വാഹന തൊഴിലാളി ക്ഷേമനിധി അടയ്ക്കാൻ നൂറു കിലോമീറ്ററോളം സഞ്ചരിച്ച് പീരുമേട്ടിൽ ചെല്ലേണ്ട സാഹചര്യം പരിഗണിച്ച് നെടുംകണ്ടത്ത് മോട്ടോർ തൊഴിലാളി ക്ഷേമനിധി ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly